"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - വീയപുരം ഗ്രാമപഞ്ചായത്ത് - 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.5 – തനത് ആസ്തികളുടെ സംരക്ഷണത്തിനും നിർമ്മാണത്തിനും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത്- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1538/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/08/2020**

---

പരാമർശം:- 1 വീയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/01/2018 ലെ എ3/2045/13 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 15/04/2019 ലെ PAN/1575/2019/M3 നമ്പർ കത്ത്.

3 സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 13/01/2020 ലെ DKSA/2491/19/PT1 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ വീയപുരം ഗ്രാമപഞ്ചായത്തിൽ 2007-2008 വർഷം പഞ്ചായത്തിന്റെ തനത് ആസ്തികളുടെ സംരക്ഷണത്തിനും നിർമ്മാണത്തിനും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത് 30/01/2008 ലെ 75326/എഫ്.എം1/2007/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമാണെന്നതിനാൽ ആയതിന് സർക്കാർ സാധൂകരണം വാങ്ങണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ദുരിതാശ്വാസകേന്ദ്രത്തിന്റെ പണിക്കായി ചെലവഴിച്ച 69451 രൂപ, പഞ്ചായത്ത് ഓഫീസ് കെട്ടിടം ചോർച്ച, മുറിനിർമ്മാണം എന്നീ പ്രവൃത്തികൾക്കായി ചെലവഴിച്ച 82682 രൂപ എന്നിങ്ങനെ ആകെ 1,52,133/- രൂപ (ഒരു ലക്ഷത്തി അൻപത്തിരണ്ടായിരത്തി ഒരുനൂറ്റി മുപ്പത്തിമൂന്ന് രൂപ) 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു.

2. അപ്പർ കുട്ടനാട്ടിലുൾപ്പെട്ട വീയപുരം ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശവും മഴക്കാലത്ത് വെള്ളത്തിനടിയിലാവുകയും ജനങ്ങൾ ദുരിതാശ്വാസ ക്യാമ്പിൽ താമസിക്കേണ്ട സാഹചര്യവും ഉണ്ടാകുന്നതിനാൽ ജനങ്ങൾക്ക് താമസിക്കുന്നതിന് യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച പായിപ്പാട് ദുരിതാശ്വാസ കേന്ദ്രത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയില്ലായെങ്കിൽ മഴക്കാലത്ത് ജനങ്ങൾക്ക് അപകടം ഉണ്ടാകാനിടയുള്ള സാഹചര്യത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ടി.പ്രവൃത്തി നടപ്പാക്കിയതെന്നും, പഞ്ചായത്തിനോട് ചേർന്നുള്ള കെട്ടിടത്തിൽ വി.ഇ.ഒ, അസി.എഞ്ചിനീയർ (എൽ.എസ്.ജി.ഡി) ഓഫീസുകൾ പ്രവർത്തിക്കുന്നതിനാൽ അവർക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയായതിനാലും ഫണ്ട് അപര്യാപ്തമായതിനാലുമാണ് പഞ്ചായത്തിനോട് ചേർന്നുള്ള കെട്ടിടത്തിലെ പ്രവൃത്തികൾക്കും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതെന്നും 2007-2008 വർഷത്തിൽ ഉൽപാദന മേഖലക്ക് വകയിരുത്തേണ്ട40% തുകയും അനിവാര്യ ചുമതലകൾക്ക് വകയിരുത്തേണ്ട വിഹിതവും കഴിഞ്ഞാൽ പശ്ചാത്തല മേഖലക്ക് തുക വകയിരുത്താൻ സാധിക്കുമായിരുന്നില്ലെന്നും തോടുകളും പുഴകളും വെള്ളക്കെട്ട് നിറഞ്ഞതും തനത് വരുമാനം കുറവായതുമായ പഞ്ചായത്തിന് അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രവൃത്തികൾ വികസന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വകയിരുത്താൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തുകയാണുണ്ടായതെന്നും ആയതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം നല്കണമെന്നും വീയപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതി 21.08.2013 തീയതിയിൽ കൂടിയ യോഗത്തിലെ VI(6) നമ്പർ തീരുമാന പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നതും, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 11.04.2018 ലെ യോഗത്തിലെ XII -ാം നമ്പർ അനുകൂല ശിപാർശ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം സമർപ്പിച്ച

അപേക്ഷ, പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടെ പരാമർശം (2) പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്നു.

3. ആസ്തി സംരക്ഷണ ഗ്രാന്റ് വകമാറ്റേണ്ടി വന്നതിനുള്ള പഞ്ചായത്തിന്റെ വിശദീകരണം സർക്കാരിന് സമർപ്പിച്ചിട്ടുള്ളതിനാലും, ഓഡിറ്റ് ഖണ്ഡികയിൽ ഫണ്ട് വകമാറ്റം ഒഴികെ മറ്റൊന്നും പരാമർശിച്ചിട്ടില്ലാത്തതിനാലും, വീയപുരം ഗ്രാമപഞ്ചായത്തിന്റെ 21.08.2013 തീയതിയിലെ മീറ്റിംഗിലെ VI(6) നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11.04.2018 ൽ കൂടിയ യോഗത്തിലെ XII നമ്പർ ശിപാർശ എന്നിവ പരിഗണിച്ചും ഖണ്ഡിക 3-5 ന് സാധൂകരണം നല്കുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാർഗനിർദ്ദേശമനുസരിച്ച് നടത്താൻ കഴിയില്ലാത്ത പ്രവൃത്തിയാണ് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുള്ളത്. എന്നിരുന്നാലും വെള്ളക്കെട്ട് നിറഞ്ഞതും തനത് വരുമാനം കുറവായതുമായ പഞ്ചായത്തിന് അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രവൃത്തികൾ വികസന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വകയിരുത്താൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തുകയാണുണ്ടായതെന്ന വിശദീകരണം അനുഭാവപൂർണം പരിഗണിച്ചുകൊണ്ട് ആലപ്പുഴ വീയപുരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസകേന്ദ്രത്തിന്റെ പണിക്കായി 69451 രൂപയും, പഞ്ചായത്ത് ഓഫീസ് കെട്ടിടം ചോർച്ച മുറിനിർമ്മാണം എന്നീ പ്രവൃത്തികൾക്കായി 82682 രൂപയും കൂടി ആകെ 1,52,133/- രൂപ (ഒരു ലക്ഷത്തി അൻപത്തിരണ്ടായിരത്തി ഒരുനൂറ്റി മുപ്പത്തിമൂന്ന് രൂപ) 2007-08 ൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വിനിയോഗിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വി.എസ്.സന്തോഷ്**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

സെക്രട്ടറി, വീയപുരം ഗ്രാമപഞ്ചായത്ത്, പായിപ്പാട് പി.ഒ, ആലപ്പുഴ

ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് ആന്റ് ന്യൂ മീഡിയ, ഇൻ ഫർ മേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ